(ബി) ഇല്ല.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നഗരങ്ങളിൽ പ്രത്യേക സ്കാഡ് നിലവിലില്ല. ആരോഗ്യ വകുപ്പിൽ ഇതിനായി ഒരു സ്കാഡ് ഉണ്ട്. നഗരങ്ങളിൽ അവയിലെ ഹെൽത്ത് വിഭാഗക്കാരും വിജിലൻസ് വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുന്നുണ്ട്.

പുനർ നിയമനം നൽകിയ എ. ഇ. ഒ. മാർ

*509 [541] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി വിധിപ്രകാരം പുനർ നിയമനം നൽകിയ എ. ഇ. ഒ.മാർക്ക് അധികാര വികേന്ദ്രീകരണം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ നമ്പരും തീയതിയും വ്യക്തമാക്കാമോ;

(ബി) ഉത്തരവു പുറപ്പെടുവിച്ചില്ലെങ്കിൽ എ.ഇ. ഒ.മാരായി ജോലി ചെയ്ത ഇവരുടെ സേവനം വേണ്ട വിധം ഉപയോഗപ്പെടുത്താൻ ആവശ്യമായ ഉത്തരവു പുറപ്പെടുവിക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ, ബി) സുപ്രീം കോടതി വിധിപ്രകാരം പുനർ നിയമനം നൽകിയ എ. ഇ. ഒ. മാരെ അഡീഷണൽ എ. ഇ. ഒ. മാരായി നോൺ ഗസറ്റഡ് തസ്തികകളിലാണ് നിയമിച്ചിട്ടുള്ളത്. ഇവർക്ക് ഒരു വിദ്യാഭ്യാസ ഉപജില്ലയുടെ സ്വതന്ത്ര ചാർജ് നൽകിയിട്ടില്ല. പ്രിൻസിപ്പൽ എ. ഇ. ഒ.മാരെ (ഗസറ്റഡ്) ഭരണപരമായ കാര്യങ്ങളിലും അക്കാഡമിക് കാര്യങ്ങളിലും സഹായിക്കുക എന്ന ജോലി അവർക്കു നൽകിയിട്ടുണ്ട്. ഇതിനായി പ്രത്യേകം ഉത്തരവ് എന്തെങ്കിലും പുറപ്പെടുവിക്കേണ്ട ആവശ്യമുള്ളതായി ഗവൺമെന്റ് കരുതുന്നില്ല.

കാഷ്വൽ ലേബറേഴ്സിനെ സ്ഥിരപ്പെടുത്തണമെന്ന സുപ്രീം കോടതി നിർദ്ദേശം

*510 [542] ശ്രീ. മണിമംഗലത്തു കുട്ട്യാലി:
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:
,, കെ. സി. ജോസഫ്:
,, ബെന്നി ബഹനാൻ:
,, പി. പി. തങ്കച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറു മാസത്തിൽ കൂടുതൽ സ്ഥിരം തസ്തികയിൽ കാഷ്വൽ ലേബറായി ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന് സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശം വാട്ടർ അതോറിട്ടിയിൽ നടപ്പിലാക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly